**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2497** **21-01-2021 - ല്‍ മറുപടിയ്ക്ക്**

**അന്തര്‍ സംസ്ഥാന വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കല്‍ അബ്ദുല്ല | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ 80 ശതമാനവും അന്തര്‍ സംസ്ഥാന വൈദ്യുതിയാണോ; | (എ) | അല്ല. കേരളത്തിന്റെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 70%-വും പുറമേനിന്നും വൈദ്യുതി വാങ്ങിയാണ് നിറവേറ്റപ്പെടുന്നത്. |
| (ബി) | പവര്‍ ഗ്രിഡ് കോര്‍പ്പറേഷന്റെ അഭ്യര്‍ത്ഥനയെ തുടര്‍ന്നാണോ അന്തര്‍ സംസ്ഥാന വൈദ്യുതി പ്രസരണ നിരക്ക് കേന്ദ്ര റഗുലേറ്ററി കമ്മിഷന്‍ കൂട്ടിയത്; | (ബി) | കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷന്‍ (CERC) പുറപ്പെടുവിക്കുന്ന റെഗുലേഷനില്‍, കാലാകാലങ്ങളില്‍ Power scenario-യില്‍ ഉണ്ടാകുന്ന മാറ്റങ്ങളനുസരിച്ചും, അവ നടപ്പിലാക്കുമ്പോള്‍ ഉണ്ടാകുന്ന ബുദ്ധിമുട്ടുകള്‍ തരണം ചെയ്യുന്നതിനും, വൈദ്യുതി രംഗത്തുള്ള സ്ഥാപനങ്ങളുടെയും, സെന്‍ട്രല്‍ ഇലക്ട്രിസിറ്റി അതോറിറ്റിയുടെയും അഭിപ്രായങ്ങള്‍ മാനിച്ചും, ഭേദഗതികള്‍ നടത്തുകയോ പുതിയ ചട്ടങ്ങള്‍ പുറപ്പെടുവിക്കുകയോ ചെയ്യാറുണ്ട്. നിലവില്‍ സ്വകാര്യ മേഖലയിലുള്ള വൈദ്യുതി ഉല്‍പാദന നിലയങ്ങള്‍ക്ക് വേണ്ടി നിര്‍മ്മിച്ച ലൈനുകളുടെ 56%-വും ഉപയോഗി ക്കുന്നില്ല. ടി കാരണത്താല്‍, ഈ ലൈനുകള്‍ കടന്നു പോകുന്ന സംസ്ഥാനങ്ങളുടെ പ്രസരണ ചാര്‍ജ് കൂടുതലാണെന്ന പരാതി ചൂണ്ടിക്കാണിച്ചാണ് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷന്‍ പുതിയ റെഗുലേഷന്‍ പുറപ്പെടുവിക്കുകയുണ്ടായത്. |
| (സി) | എങ്കില്‍ ഇത് കാരണം കേരളം ഇപ്പോള്‍ നല്കുന്ന പ്രസരണചാര്‍ജ് ആയ 550 കോടി രൂപ എന്നത് 1500 കോടി രൂപ ആയി വര്‍ദ്ധിക്കുമോ; | (സി) | നിലവില്‍, കേരളം ഇപ്പോള്‍ നല്‍കുന്ന പ്രസരണ ചാര്‍ജ്ജില്‍ പ്രതിവര്‍ഷം ഏകദേശം 300 കോടി രൂപയുടെ വര്‍ദ്ധനയുണ്ടാകുമെന്നാണ് കണക്കാ ക്കപ്പെട്ടിട്ടുള്ളത്. |
| (ഡി) | എങ്കില്‍ ഈ അധിക ബാധ്യത ജനങ്ങളില്‍ നിന്ന് ഈടാക്കേണ്ടി വരുമെന്നതിനാല്‍ യൂണിറ്റിന് 50 പൈസ വൈദ്യുതി ചാര്‍ജ് ഇനത്തില്‍ കൂട്ടേണ്ടി വന്നേക്കും എന്ന റിപ്പോര്‍ട്ടുകള്‍ പരിശോധിക്കുക ഉണ്ടായോ ; എങ്കില്‍ വൈദ്യുതി ചാര്‍ജ് വര്‍ദ്ധിപ്പിക്കാന്‍ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | വൈദ്യുതി വാങ്ങുന്നതിലുണ്ടാകുന്ന ചിലവിലാണ്, പ്രസരണ ചാര്‍ജ്ജും ഉള്‍പ്പെടുന്നത്. ഇങ്ങനെ അധികം വരുന്ന പ്രസരണ ചാര്‍ജ്ജ്, വൈദ്യുതി വാങ്ങുന്നതിന്റെ വില വര്‍ദ്ധിപ്പിക്കുകയും ഇത് ഉപഭോക്താക്കളുടെ പക്കല്‍ നിന്നും, വൈദ്യുതി ചാര്‍ജ്ജിനത്തില്‍ ഈടാക്കേണ്ടി വരുന്ന സ്ഥിതി |

| | | | |
|---|---|---|---|
| | | | വിശേഷം സംജാതമാകുകയും ചെയ്യും. എന്നാൽ ഇക്കാരണത്താൽ, വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള തീരുമാനങ്ങൾ ഒന്നും തന്നെ എടുത്തിട്ടില്ല. |
| (ഇ) | അല്ലെങ്കിൽ ഈ സാമ്പത്തിക ബാധ്യത ജനങ്ങളിൽ അടിച്ചേൽപ്പിക്കുന്നതിനു പകരം കെ.എസ്.ഇ.ബിക്ക് പിരിഞ്ഞു കിട്ടാനുള്ള 2700 കോടി രൂപ സമയബന്ധിതമായി പിരിച്ചെടുത്ത് അധിക പ്രസരണ ചാർജിനായി വിനിയോഗിച്ചുകൂടെ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | പിരിഞ്ഞുകിട്ടുവാനുള്ള കുടിശ്ശിക തുക, വൈദ്യുതി താരിഫിൽ പ്രതിഫലിക്കാത്ത രീതിയിലുള്ള അക്കൗണ്ടിങ്ങ് സമ്പ്രദായമാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പിന്തുടരുന്നത്. കുടിശ്ശിക പിരിച്ചെടുക്കുന്നത് വഴി നിലവിലുള്ള കടബാധ്യതയിൽ കുറവ് അനുഭവപ്പെടുമെങ്കിലും, താരിഫ് നിർണ്ണയത്തിന് റെഗുലേറ്ററി കമ്മീഷൻ കണക്കാക്കുന്ന വരുമാന കമ്മിയെ അത് ബാധിക്കില്ലെന്ന്, 17.04.2017-ൽ കമ്മീഷൻ സ്വമേധയാ പുറപ്പെടുവിച്ച താരിഫ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ